സ്.സി. മുഖാന്തിരം നടത്തുന്നതിൽ 18.3.1999-ലെ സ.ഉ.ജി.ഒ.(പി)35/99/സാംസ്കാരിക വകുപ്പുപ്രകാരം ഉത്തരവായിട്ടുണ്ട്.

അക്കാദമികളിലെ നിയമനം പി.എസ്.സി.വഴിയല്ല. അതതു സ്ഥാപനങ്ങളിലെ നിയമന വ്യവസ്ഥകളനുസരിച്ചാണ് നിയമനം നടത്തുന്നത്.

**22 (1236) അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ സ്മൃതിമണ്ഡപം**

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ മഹാകവി അന്ത്യവിശ്രമം കൊള്ളുന്ന സ്ഥാനത്ത് ഒരു സ്മൃതിമണ്ഡപം പണിയുന്നതിന് എത്ര ലക്ഷം രൂപയാണ് ഗവൺമെന്റ് സഹായമായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ കുഞ്ചൻസ്മാരക സമിതി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമ്പലപ്പുഴ ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഇതിന് ചെറിയ തോതിൽ ധനസഹായം അനുവദിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ആവശ്യത്തിന് എം.പി. ഫണ്ടിൽനിന്നും എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഇ) സർക്കാരിന്റെ സഹായധനം ലഭ്യമാക്കി ഈവർഷംതന്നെ ഇതിന്റെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വർഷംതോറും സർക്കാർ ധനസഹായം അനുവദിച്ചു വരുന്നു. സ്മൃതിമണ്ഡപം പണിയുന്നതിനായി റവന്യൂ വകുപ്പു മുഖാന്തിരം സ്ഥലവും അനുവദിച്ചുകഴിഞ്ഞു.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) സർക്കാരിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**23 (1237) വടക്കൻപാട്ട് ശേഖരിച്ച് സംരക്ഷിക്കാൻ നടപടി**

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പഴയ സാംസ്കാരിക കേന്ദ്രമായ കടത്തനാടിന്റെ പ്രത്യേകതയായ വടക്കൻ പാട്ടുകളും, ലോകമലയാർകാവുമായി ബന്ധ

1093/2010.

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട സാംസ്കാരിക പാരമ്പര്യവും സംരക്ഷിക്കാൻ സംസ്ഥാന സാംസ്കാരിക വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വടക്കൻപാട്ട് അറിയുന്ന പ്രായംചെന്ന പ്രഗത്ഭരായ കലാകാരന്മാരിൽനിന്നും വടക്കൻപാട്ട് ശേഖരിച്ച് നിലനിറുത്തുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(സി) മലബാറിന്റെ പഴയ ജനകീയ കലയായ വടക്കൻപാട്ട് ഓർമ്മകൾ മാത്രമായി മാറുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള നാടൻ കലാ അക്കാദമി വടക്കൻ പാട്ടുകളെപ്പറ്റി പ്രത്യേക പഠനവും ആസ്വാദനക്കളരിയും, പരിശീലനക്കളരിയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നാടൻകലാ അക്കാദമി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ കേരള നാടൻകലാ അക്കാദമി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

24 (1238) സെൻട്രൽ ആർക്കൈവ്സ്

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന സെൻട്രൽ ആർക്കൈവ്സിൽ ഏതെല്ലാം തരത്തിലുള്ള റിക്കാർഡുകളാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ വസ്തുക്കളുടെ ചരിത്രപ്രാധാന്യം നിലനിറുത്തുന്നതിനായി ആർക്കൈവ്സ് വകുപ്പിന്റെ പുനരുദ്ധാരണത്തിനും കൺസർവേഷൻ വിഭാഗത്തിന്റെ ആധുനികവൽക്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡിയിൽ ആർക്കൈവ്സ് വകുപ്പിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) പി. ആന്റ് എ.ആർ.ഡി. വർക്ക് സ്റ്റഡി നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആർക്കൈവ്സ് വകുപ്പിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) സെൻട്രൽ ആർക്കൈവ്സ് ഇപ്പോൾ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽനിന്ന് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly